"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - തരിയോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.എഫ്.967 (വയനാട്) ന് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.60/2024/Co-Op    തീയതി,തിരുവനന്തപുരം, 28-01-2024

പരാമർശം:- 1 1. സ.ഉ (സാധാ) നം 198/2023/സഹ തീയതി 29/03/2023

2. സഹകരണ സംഘം രജിസ്ട്രാറുടെ 16/05/2023ലെ ആർ.സി.എസ്/2425/2023 പി & എം .എ (5) നം കത്ത്

3. സ.ഉ (സാധാ) നം. 6350/2023/ധന തീയതി 04/09/2023.

**ഉത്തരവ്**

തരിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്. 967ന് ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ള തരിശ് ഭൂമിയിൽ വിവിധയിനം പച്ചക്കറി കൃഷിയും മട്ടുപ്പാവ് കൃഷിയും നടപ്പിലാക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും ഗോഡൗൺ സംവിധാനവും നടപ്പാക്കുന്നതിനായി സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി പ്രകാരം 39.00 ലക്ഷം രൂപ (മുപ്പത്തൊമ്പത് ലക്ഷം രൂപ മാത്രം) ധനസഹായം 2022-23 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ട്രഷറി നിയന്ത്രണം കാരണം ടി ധനസഹായ തുക 2022- 2023 സാമ്പത്തിക വർഷം സംഘത്തിന് പിൻവലിച്ച് നൽകുന്നതിന് സാധിക്കാത്തതിനാൽ പ്രസ്തുത തുക 2023 – 24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തരിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എഫ്. 967ന് ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ള തരിശ് ഭൂമിയിൽ വിവിധയിനം പച്ചക്കറി കൃഷിയും മട്ടുപ്പാവ് കൃഷിയും നടപ്പിലാക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും ഗോഡൗൺ സംവിധാനവും നടപ്പാക്കുന്നതിനായി സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി പ്രകാരം 39.00 ലക്ഷം രൂപ (മുപ്പത്തൊമ്പത് ലക്ഷം രൂപ മാത്രം) ധനസഹായം, 2 023-2024 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ള ശീർഷകങ്ങളിൽ നിന്ന് ചുവടെ വിവരിക്കും പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ഇനം** | **ശീർഷകം** | **അനുവദിക്കാനുള്ള തുക (തുക ലക്ഷത്തിൽ)** | **ഇ അനുമതി നമ്പർ** | **കാലാവധി** |
|---|---|---|---|---|
| സബ്സിഡി | 2425-107-59 | 28.50 | AS/COP/23/32854 | 31/03/2024 |
| ഓഹരി | 4425-107-79 | 7.00 | AS/COP/23/32857 | 31/03/2024 |
| വായ്പ | 6425-107-68 | 3.50 | AS/COP/23/32858 | 31/03/2024 |
| ആകെ | | 39.00 | | |

3. സഹകരണ സംഘം രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും, പദ്ധതി നടത്തിപ്പ് അവസാനം വരെ ക്രമമായി നിരീക്ഷിച്ച് വിലയിരുത്തുകയും, ധനസഹായത്തിന്റെ തിരിച്ചടവ് ഉൾപ്പെടെ, വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/56/2023/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 29-01-2024 12:52:52

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി .എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.